**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **04-07-2022 - ൽ മറുപടിയ്ക്ക്**

**വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | **വില്ല്യാപ്പള്ളി ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിക്ക്(കി.മീ 0/000 മുതൽ 5/325 വരെ) 22.12.2015-ലെ സ.ഉ(സാധാ) നം. 1930/2015/ പൊ.മ.വ പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മൊത്തം 5.325 കി.മീ നീളമുള്ള പ്രസ്തുത റോഡിന്റെ 1/650 മുതൽ 5/325 വരെയുള്ള ഭാഗം ഡി.എൽ.പി-യിൽ ആയിരുന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പാർട്ട് TS നൽകി കി.മീ.0/000 മുതൽ 1/650 വരെയുള്ള പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | **കി.മീ. 1/650 മുതൽ 4/000 വരെയുള്ള ഭാഗത്തിന്റെ ടെണ്ടർ നടപടി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.** |
| (സി) | റോഡിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ചെയിനേജ് ഏതൊക്കെ എന്നറിയിക്കാമോ; വെള്ളക്കെട്ട് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ഘടകങ്ങൾ പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | **കി.മീ. 1/650 മുതൽ 4/000 വരെയാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. വെള്ളക്കെട്ട് കാരണമുള്ള ബുദ്ധിമുട്ടുകൾ ഭാഗികമായി പരിഹരിക്കാനുള്ള ഘടകങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ